# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - പിറവന്തൂർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. അർജ്ജുൻശർമ്മ ജെ. എസ്-ന് കലാ, സാംസ്കാരിക, സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.3213/2015/തസ്വഭവ. തീയതി, തിരുവനന്തപുരം,29/10/2015

---

പരാമർശം : 1. പിറവന്തൂർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. അർജ്ജുൻശർമ്മയുടെ 26.06.2014 ലെ നിവേദനം.
2. ശ്രീ. അർജ്ജുൻശർമ്മയുടെ 11.12.2014 ലെ സത്യവാങ്മൂലം.
3. പഞ്ചായത്ത് ഡയറക്ടറുടെ 15.01.2015 ലെ ഇ 6-39368/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പിറവന്തൂർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. അർജ്ജുൻശർമ്മ. ജെ. എസ് കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച നിവേദനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിയ്ക്കുകയുണ്ടായി.

പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെയും ടിയാൻ പരാമർശം 2 പ്രകാരം സമർപ്പിച്ച സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ പിറവന്തൂർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. അർജ്ജുൻശർമ്മ ജെ. എസ്-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഭംഗം വരാതെയും പ്രതിഫലം പറ്റാതെയും കലാ, സാംസ്കാരിക, സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല. സി.എസ്.**
ഗവ.അണ്ടർസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ. അർജ്ജുൻശർമ്മ ജെ. എസ്, ക്ലാർക്ക്, പിറവന്തൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ് (നമ്പർ 19283/ബി2/2014/ഉഭപവ തീയതി 03/09/2014 പ്രകാരം)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ